**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3526** **08-10-2025 - ൽ മറുപടിയ്ക്ക്**

**അപകടാവസ്ഥയിലുള്ള മൺതിട്ട ഇടിച്ച് മാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിന് സമീപമുള്ള ഉന്നതികളിൽ ഉൾപ്പെട്ട സ്ഥലത്ത് ഏകദേശം 20 വർഷങ്ങൾക്ക് മുമ്പ് വീടുവയ്ക്കുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായ രീതിയിൽ മണ്ണെടുത്തതുമൂലമുണ്ടായ കുത്തനെയുള്ള മൺതിട്ടയിൽ വീണ്ടും മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ ഈ പ്രദേശത്ത് താമസം അഭികാമ്യമല്ല എന്നത് സംബന്ധിച്ച് അസിസ്റ്റൻറ് ജിയോളജിസ്റ്റ്, ഹൈഡ്രോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ എന്നിവർ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിന് സമീപമുള്ള ഉന്നതികളിൽ സന്ദർശനം നടത്തി അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി കണയന്നൂർ തഹസീൽദാർ, എറണാകുളം ജില്ലാ ജിയോളജിസ്റ്റ് എന്നിവർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | റവന്യൂ പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത മൺതിട്ടയിലെ മരങ്ങൾ വെട്ടി മാറ്റിയശേഷം ഏകദേശം 1150 ഘനമീറ്റർ മണ്ണ് നീക്കം ചെയ്താൽ മണ്ണിടിച്ചിൽ ഭീഷണി ഒഴിവാകുമെന്നും പ്രസ്തുത മണ്ണ് ഏതെങ്കിലും വാർഷിക പദ്ധതിക്ക് ആവശ്യമുള്ളപക്ഷം നീക്കം ചെയ്യാമെന്നും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; | (ബി) | തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിന് സമീപമുള്ള ഉന്നതികളിൽ സന്ദർശനം നടത്തി അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി കണയന്നൂർ തഹസീൽദാർ, എറണാകുളം ജില്ലാ ജിയോളജിസ്റ്റ് എന്നിവർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | തൃക്കാക്കരയിലെ നിരവധി പ്രദേശങ്ങളിൽ സർക്കാർ പദ്ധതിക്കായി മണ്ണിന്റെ ആവശ്യമുള്ളതിനാൽ പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപകടാവസ്ഥയിലുള്ള മൺതിട്ട അടിയന്തരമായി ഇടിച്ച് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിന് സമീപമുള്ള ഉന്നതികളിൽ സന്ദർശനം നടത്തി അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിലേയ്ക്കായി കണയന്നൂർ തഹസീൽദാർ, എറണാകുളം ജില്ലാ ജിയോളജിസ്റ്റ് എന്നിവർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ